# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.15/2541/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in

ഫോൺ:

തീയതി – 06.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.15/2541/2018 തീയതി – 06.12.2018

**കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 31.03.2017 മുതൽ 19.11.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.സതീഷ് മാവേലിപുത്തൻ വീട്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ, വിനിയോഗിച്ച സമയം | 12.11.2018 മുതൽ 19.11.2018 വരെ |
| ശ്രീ. പി.കെ.ഉണ്ണി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. ഉണ്ണികൃഷ്ണൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ദിശ.ആർ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷിബിൻ.കെ.എസ് | ഓഡിറ്റർ |
| ശ്രീ. വിജേഷ്.കെ.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ബേബി രവീന്ദ്രൻ | 01.4.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. പി. ടി അരവിന്ദൻ | 01.04.2017മുതൽ 10.04.2017വരെ |
| | ശ്രീ.അബ്ദുൾ ബഷീർ.പി | 11.04.2017മുതൽ 23.06.2017വരെ |
| | ശ്രീമതി.ഖദീജ.കെ.ടി | 24.06.2017മുതൽ 31.03.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ. മുഹമ്മദ് ഫൈസൽ | 01.04.2017മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ. സാക്കിയ | 01.04.2017മുതൽ 19.06.2017വരെ |
| | ഡോ. ഡിജേഷ് ഉണ്ണികൃഷ്ണൻ | 20.06.2017മുതൽ 25.06.2017വരെ |
| | ഡോ. അബ്ദുൾ നാസർ.എൻ | 26.06.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ. അരുൺരാജ് | 01.04.2017മുതൽ 03.07.2017വരെ |
| | ഡോ. ഫെസിന ഹസ്സൻ | 04.07.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. അബ്ദുൽ സമദ് | 01.04.2017മുതൽ 31.03.2018വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർ വേദം) | ഡോ. പ്രവീൺ | 01.04.2017മുതൽ 31.03.2018വരെ |
| ഐ സി ഡി എസ് സൂപ്പർ വൈസർ | ശ്രീമതി. സുഹറ | 01.04.2017മുതൽ 31.08.2017വരെ |
| | ശ്രീമതി. ഷീജ.വി.ടി | 01.09.2017മുതൽ 27.12.2017വരെ |
| | ശ്രീമതി. രമ്യ.കെ.ആർ | 28.12.2017മുതൽ 31.03.2018വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രമേശൻ | 01.04.2017മുതൽ 31.03.2018വരെ |
| വി. ഇ. ഒ | ശ്രീ. ആശിഖ് | 01.04.2017മുതൽ 31.03.2018വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. കെ. നിമ്മി | 01.04.2017മുതൽ 15.05.2017വരെ |
| | | 14.08.2017മുതൽ 04.12.2017വരെ |
| | ശ്രീമതി. അഖില ഉണ്ണികൃഷ്ണൻ | 16.05.2017മുതൽ 11.08.2017വരെ |
| | | 05.12.2017മുതൽ 31.03.2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. ഇന്ദിര വടക്കേപറമ്പിൽ | 01.04.2017മുതൽ 31.03.2018വരെ |
| അസി. സെക്രട്ടറി | ശ്രീ. അബ്ദുൾ ബഷീർ.പി.കെ | 01.04.2017മുതൽ 23.06.2017വരെ |
| | ശ്രീ. ഫ്രാൻസിസ് തോമസ് | 30.06.2017മുതൽ 31.03.2018വരെ |

ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| ഭാഗം-1<br>പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | ആഭ്യന്തര നിയന്ത്രണം |

| | |
|---|---|
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം-2<br>വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ |
| 2-2 | തൊഴിൽ നികുതി-അപാകതകൾ |
| 2-3 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല |
| 2-4 | അവശ്യ രേഖകളില്ലാതെ ലൈസൻസ് പുതുക്കി നൽകുന്നു |
| ഭാഗം- 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | വേണാടി അംഗൻവാടി ചുറ്റുമതിൽ നിർമ്മാണം- എസ്റ്റിമേറ്റിൽ കിളച്ചെടുത്ത മണ്ണ് കുറവ് വരുത്തിയിട്ടും, എം ബുക്കിൽ കുറവ് വരുത്താതെ തുക നൽകി |
| 3-2 | കക്കുഴി ദ്വീപ് റോഡ് പാർശ്വഭിത്തി- പൊട്ടിച്ച പാറ ഉപയോഗിക്കാതെ കരിങ്കൽ ഭിത്തി പണിതു |
| 3-3 | പെരിങ്ങോട്ട് ചിങ്ങനാം പൊയിൽ റോഡ്- കരാർ വെയ്ക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല |
| 3-4 | തെരുവ് വിളക്ക് സ്ഥാപിക്കൽ- നടപ്പാക്കിയതിലെ അപാകതകൾ |
| 3-5 | കമ്പ്യൂട്ടറൈസേഷൻ - കമ്പ്യൂട്ടർ വാങ്ങിയതിലെ അപാകതകൾ |
| 3-6 | ശമ്പളപരിഷ്കരണകുടിശ്ശികക്കനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല |
| 3-7 | വാഹന ഉപയോഗം -മാർഗ്ഗരേഖാ വ്യവസ്ഥകൾ പാലിക്കുന്നില്ല. |

| | |
|---|---|
| 3-8 | കാർഷികകർമ്മസേന-ഉപകരണങ്ങൾ നൽകൽ-നിബന്ധനകൾ പാലിച്ചിട്ടില്ല |
| 3-9 | വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം പദ്ധതിനടത്തിപ്പിൽ അപാകതകൾ |
| 3-10 | സ്കൂൾ സർട്ടിഫിക്കറ്റ് ഇല്ലാതെ സൈക്കൾ വിതരണം നടത്തി |
| 3-11 | ഔദ്യോഗിക ജോലിയുടെ ഭാഗമായുള്ള ചെലവുകൾക്ക് പ്രൊജക്ടിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നു |
| 3-12 | ആയുർവേദ ഡിസ്പൻസറിയിലെ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയില്ല |
| 3-13 | വെറ്റിനറിസർജൻ നടപ്പിലാക്കിയ പദ്ധതികളിൽ അപാകതകൾ |
| 3-14 | ഐ.എ.വൈ ഭവന പദ്ധതിക്ക് വിഹിതം നല്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 3-15 | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |

| | |
|---|---|
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.2017 തിയതിയിലെ തീരുമാന നമ്പർ 48/17 പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 – 21.06.2018 | കെ.എസ്.എ.കെ.കെ.ഡി/ഇ2/1111/2018(21)<br>തീയതി – 24.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11741301 |
| വരവ് | 66206841 |
| ആകെ | 77948142 |
| ചെലവ് | 72181850 |
| നീക്കിയിരിപ്പ് | 5766292 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | 0 | 21170000 | 21170000 | 20917228 | 252772 |
| വികസനഫണ്ട് എസ്.സി.പി (ACR പ്രകാരം) | 0 | 7677309 | 7677309 | 7046840 | 630469 |
| വികസനഫണ്ട് ടി.എസ്.പി | 0 | 659732 | 659732 | 523963 | 135769 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 5308000 | 5308000 | 5198898 | 109102 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് (ACR പ്രകാരം) | 0 | 4542000 | 4542000 | 4532564 | 9436 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8150266 | 8150266 | 5447342 | 2702924 |
| എം.എൻ.ആർ.ഇ.ജി.എസ്. | 28603 | 1658472 | 1687075 | 1637707 | 49368 |
| ബി ഫണ്ട് | 0 | 34900760 | 34900760 | 34900760 | 0 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 4578772 | 8103834 | 12682606 | 11877665 | 804941 |
| ട്രഷറി ടി.എസ്.ബി (ജോയന്റ് വെഞ്ചർ) | 0 | 2380000 | 2380000 | 2192500 | 187500 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 268 | 174 | 73 | 21 | 65 % |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 28603 | 884332 | 912935 | 863567 | 49368 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19002730 | 19002730 | 19002730 | 0 |
| ആകെ | 28603 | 19887062 | 19915665 | 19866297 | 49368 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 63960 | 87 |
| കർഷകതൊഴിലാളി പെൻഷൻ | 5040900 | 432 |
| വിധവാപെൻഷൻ | 11747100 | 979 |
| വാർദ്ധക്യകാലപെൻഷൻ | 13751800 | 1112 |
| വികലാംഗപെൻഷൻ | 3306200 | 280 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 254800 | 21 |
| വിവാഹധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,414/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ വിജയിച്ചിട്ടുണ്ട്.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടുണ്ട്. വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന ഓഡിറ്റ് വർഷത്തിൽ നടത്തിയിട്ടില്ല. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ചു നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്.പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.05.2018 മുതൽ 25.05.2018വരെ | 01.03.2018 മുതൽ 30.04.2018 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.02.2011 | 2005-06 മുതൽ 2009-10 വരെ | LBA(HQ)/11/8-A-1704/SCP |

| | | | |
|---|---|---|---|
| | | | തീയതി – 16.03.2011 |

## **1-12** വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിലെ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ പരിഹരിക്കാൻ അവശേഷിക്കുന്നു.

1. തൊഴിലുറപ്പ് പദ്ധതി, ജലനിധി എന്നീ ഇനങ്ങളിൽ പലിശ ഇനത്തിലുള്ള വരവുകൾ അതാത് ഹെഡിൽ വരവ് വെക്കുന്നതിന് പകരം interest from bank accounts എന്ന ഹെഡ്ഡിലാണ് വരവ് വെച്ചിട്ടുള്ളത്.
2. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ പൂർണ്ണമല്ല.
3. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതകങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **2-1** വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ

2017-18 ൽ പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ ഫയലുകളുടെ മാത്രം പരിശോധനയിൽ വസ്തു നികുതി കണക്കാക്കിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1)കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ച

100 ച.മീ. ന് മുകളിലുള്ള വാണിജ്യകെട്ടിടങ്ങളിലെ മുറികൾ വിഭജിച്ച് പ്രത്യേകം നമ്പർ നൽകുമ്പോൾ പഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്കായ 90/- രൂപക്ക് പകരം 100 ച.മീ ന് താഴെയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് നൽകുന്ന കുറഞ്ഞ നിരക്കായ 70/- രൂപ കണക്കാക്കി നികുതി നിർണ്ണയിക്കുന്നു

2) മേഖല തെറ്റായി കണക്കാക്കുന്നു.

കംപ്ളീഷൻ പ്ളാൻ പ്രകാരം പ്രാഥമിക മേഖലയിൽ ഉൾപ്പെട്ട കെട്ടിടത്തിന്റെ നികുതി കണക്കാക്കാനായി സഞ്ചയയിൽ വിവരങ്ങൾ നൽകുമ്പോൾ ദ്വിതീയ മേഖലയിൽ ഉൾപ്പെട്ട കെട്ടിടം എന്ന് തെറ്റായി വിവരം നൽകുന്നു. ഇതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ 10% കുറവ് വരാനിടയാകുന്നു.

3) കെട്ടിടത്തിലേക്കുള്ള വഴിയുടെ വീതി കുറച്ച് കാണിക്കുന്നു

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്ക് 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി ഉണ്ടായിരിക്കെ നികുതി കണക്കാക്കുമ്പോൾ ഇത് 1.5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴി എന്ന് സഞ്ചയയിൽ തെറ്റായ വിവരം നൽകുന്നു. ഇതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട 20% വർധനവ് വരാതെ പോകുന്നു.

മേൽ പരാമർശിച്ച മൂന്ന് അപാകതകളിലൂടെയും ഉണ്ടായ നികുതി നഷ്ടത്തിന്റെ വിശദ വിവരങ്ങൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ. നം | കെട്ടിട നംമ്പർ | കെട്ടിട ഉടമ | നികുതി കണക്കാക്കിയ സൂചകങ്ങൾ, നികുതി | യഥാർത്ഥ സൂചകങ്ങൾ, യഥാർത്ഥ നികുതി | കുറവ് വന്ന നികുതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 13/154 | അസ് ലം മാവുള്ളകണ്ടി | വ്യവസായിക കെട്ടിടം<br>നിരക്ക്- 40<br>വിസ്തീ. -85.45m2<br>ദ്വിതീയ മേഖല- 10% ഇളവ്,<br>1.5 mtrറോഡ്, വർദ്ധനവ് ഇല്ല<br>മേൽക്കൂര- 10% ഇളവ്<br>നികുതി - 2735/- | വ്യവസായിക കെട്ടിടം<br>നിരക്ക്- 40<br>വിസ്തീ. 85.45m2<br>ദ്വിതീയ മേഖല- 10% ഇളവ്,<br>8 mtrറോഡ്- 20% വർദ്ധന<br>മേൽക്കൂര- 10% ഇളവ്<br>നികുതി - 3418/- | 683 |
| 2 | 2/385a, | സിബി.കെ.എം | വാണിജ്യ കെട്ടിടം<br>നിരക്ക്- 30<br>വിസ്തീ. -44.474 m2<br>ദ്വിതീയ മേഖല- 10% ഇളവ്,<br>5 mtrറോഡ്- 20% വർദ്ധന<br>നികുതി - 1468/- | വാണിജ്യ കെട്ടിടം<br>നിരക്ക്- 50/-<br>വിസ്തീ. -44.474 m2<br>പ്രഥമിക മേഖല,<br>5 mtrറോഡ്- 20% വർദ്ധന, 100 m2 ന് മുകളില്ലുള്ള കെട്ടിടം<br>നികുതി - 2673/- | 1205/- |
| 3 | 2/385b, | സിബി.കെ.എം | വാണിജ്യ കെട്ടിടം<br>നിരക്ക്- 50/-<br>വിസ്തീ. -103.722m2<br>ദ്വിതീയ മേഖല- 10% ഇളവ്,<br>5 mtrറോഡ്- 20% വർദ്ധന<br>നികുതി - 5708/- | വാണിജ്യ കെട്ടിടം<br>നിരക്ക്- 50/-<br>വിസ്തീ. -103.722m2<br>പ്രഥമിക മേഖല,<br>5 mtrറോഡ്- 20% വർദ്ധന, 100 m2 ന് മുകളില്ലുള്ള കെട്ടിടം<br>നികുതി - 6223- | 515/- |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | 2/70a | എൻ.കെ.നൗഷാദ് | വാണിജ്യ കെട്ടിടം<br>നിരക്ക്- 30/-<br>വിസ്തീ. -20.67m2<br>ദ്വിതീയ മേഖല- 10% ഇളവ്,<br>1.5 mtrറോഡ്- വർദ്ധന ഇല്ല<br>നികുതി -497/- | വാണിജ്യ കെട്ടിടം<br>നിരക്ക്- 30/-<br>വിസ്തീ. -20.67m2<br>ദ്വിതീയ മേഖല- 10% ഇളവ്,<br>5 mtrറോഡ്- 20%വർദ്ധന<br>നികുതി -682/- | 185/- |
| 5 | 2/70b | എൻ.കെ.നൗഷാദ് | വാണിജ്യ കെട്ടിടം<br>നിരക്ക്- 30/-<br>വിസ്തീ. -20.67m2<br>ദ്വിതീയ മേഖല- 10% ഇളവ്,<br>1.5 mtrറോഡ്- വർദ്ധന ഇല്ല<br>നികുതി -497/- | വാണിജ്യ കെട്ടിടം<br>നിരക്ക്- 30/-<br>വിസ്തീ. -20.67m2<br>ദ്വിതീയ മേഖല- 10% ഇളവ്,<br>5 mtrറോഡ്- 20%വർദ്ധന<br>നികുതി -682/- | 185/- |
| 6 | 15/439c,d,e | ഇമ്പിച്ചി മൊയ്തി | വാണിജ്യ കെട്ടിടം<br>നിരക്ക്- 30/-<br>വിസ്തീ. -130.27m2<br>ദ്വിതീയ മേഖല- 10% ഇളവ്,<br>5 mtrറോഡ്-20% വർദ്ധന<br>നികുതി - 4301/- | വാണിജ്യ കെട്ടിടം<br>നിരക്ക്- 50/-<br>വിസ്തീ. -130.27m2<br>ദ്വിതീയ മേഖല- 10% ഇളവ്,<br>5 mtrറോഡ്-20% വർദ്ധന<br>നികുതി - 7166/- | 2865/- |
| | ആകെ | | | | 5638/- |

അപാകതകൾക്ക് വിശദികരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/17-18 തീയതി-19.11.18) മറുപടി ലഭ്യമായിട്ടില്ല. 2017-18 വർഷത്തിൽ അസസ് ചെയ്ത മുഴവൻ കെട്ടിടങ്ങളുടേയും നികുതി പുന:പരിശോധിക്കേണ്ടതും, നികുതി ഇനത്തിൽ മാറ്റം വന്നിട്ടുണ്ടെങ്കിൽ പുതുക്കിയ ഡിമാന്റ് പ്രകാരമുള്ള നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതാണ്. കുറവ് വന്ന തുകകൾ ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി-അപാകതകൾ

i)ഡിമാൻഡ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. 2017-18 വർഷത്തിൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ തൊഴിൽ നികുതി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിലെ ഡി&ഒ ലൈസൻസ് രജിസ്റ്ററിലാണ് കച്ചവടക്കാരന്റെ പേര്,ഒരു അർദ്ധവർഷത്തിൽ ഈടാക്കിയ തൊഴിൽ നികുതി എന്നിവ രേഖപ്പെടുത്തിയിരിക്കുന്നത്.

ii)അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്.കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | കൊശമറ്റം ഫിനാൻസ് , കട്ടിപ്പാറ |
| 2 | ജോസ്കോ ഫൂട്ട് വെയർ കമ്പനി, കട്ടിപ്പാറ |
| 3 | മുത്തൂറ്റ് ഫിൻ കോർപ്പ്, കട്ടിപ്പാറ |
| 4 | സ്റ്റാർ ഗ്രാനൈറ്റ്സ്, പുല്ലാഞ്ഞിമേട് |
| 5 | കല ബിൽഡേഴ്സ്, കട്ടിപ്പാറ |
| 6 | എക്കോ ഇൻടസ്ട്രീസ്, കട്ടിപ്പാറ |
| 7 | ഷാഡോ സാന്റ്, പുല്ലാഞ്ഞിമേട് |

iii)തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

കട്ടിപ്പാറ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ | വാർഡ് / | സ്ഥാപനത്തിന്റെ | ജീവനക്കാരുടെ |
|---|---|---|---|

| നം | കെട്ടിട നം | പേര് | എണ്ണം |
|---|---|---|---|
| 1 | 9/169A | ഷെറിൻ ബ്രിക്സ് | 3 |
| 2 | 10/337 | കെ.പി.മെറ്റൽ ഇൻഡസ്ട്രീസ് | 2 |
| 3 | 6/255 | ആൽഫ ട്രേഡേഴ്സ് | 2 |
| 4 | 10/338A | ബ്രെയിൻ ഇൻഡസ്ട്രിയൽ | 3 |
| 5 | 12/28 | സി.എം.വി ഫുഡ് പ്രൊഡക്ട്സ് | 6 |
| 6 | 9/299C | കെ.സി. സ്റ്റിച്ചിംഗ് യൂണിറ്റ് | 4 |
| 7 | 12/297,298 | സ്റ്റാർ കോളിക്കൽ | 4 |
| 8 | 2/447A | അതുല്യ കോക്കനട്ട് ഇൻഡസ്ട്രീസ് | 3 |
| 9 | 11/381C | എം.പി.ഫ്ലോർമിൽ | 2 |
| 10 | 2/357B,358 | പോപ്പുലർ ഹാർഡ് വെയർ | 2 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി,രസീത് നം, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/17-18 തീയതി-19.11.18) മറുപടി ലഭ്യമായിട്ടില്ല. വിശദീകരണം നൽകേണ്ടതും തൊഴിൽ നികുതി ഈടാക്കാത്ത ജീവനക്കാരിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-3 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന ആ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2017-18 വർഷത്തിൽ കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 164 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2017 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ 64 കച്ചവടക്കാർ മാത്രമാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. മാത്രമല്ല മേൽ അനധികൃത കാലയളവിലേക്ക് ബിലേറ്റഡ് ഫീസ് വാങ്ങിയതായും കാണുന്നില്ല.

മറ്റ് അപാകതകൾ

1. ചട്ട പ്രകാരമല്ലാതെ ലൈസൻസ് ഫീ പിരിക്കുന്നു

ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചട്ടം 7 പ്രകാരമുള്ള ലൈസൻസ് ഫീ ചുമത്തിയതിൽ അപാകത കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ:

| വാർഡ്/കെട്ടിടനം | സ്ഥാപനം | ശരാശരി വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|
| 13/178 | മർഹബ സ്റ്റോർ | 1,000/- | 100/- |
| 9/299C | കെ.സി.സ്റ്റിച്ചിംഗ് യൂണിറ്റ് | 1,000/- | 200/- |
| 7/16 | പി.എം.എച്ച് സ്റ്റേഷനറി | 2,000/- | 100/- |
| 13/156,157 | കണിയാംകണ്ടി ഫർണിച്ചർ | 2,000/- | 200/- |
| 6/79 | ബിസ്മി ഏജൻസീസ് | 5,000/- | 100/- |
| 6/255 | ആൽഫ ട്രേഡേഴ്സ് | 5,000/- | 200/- |

ഒരേ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് വ്യത്യസ്ത തരത്തിൽ ലൈസൻസ് ഫീ ഈടാക്കാതെ, ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

2. 2017-18 സാമ്പത്തിക വർഷത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക 2,3,4 പ്രകാരം വിറ്റുവരവിനെ അല്ലെങ്കിൽ യന്ത്രത്തിന്റെ കുതിര ശക്തിയെ അടിസ്ഥാനപ്പെടുത്തിയാണ് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത്. എന്നാൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച പല ഡി & ഒ അപേക്ഷകളിലും വിറ്റുവരവ് കോളം പൂരിപ്പിച്ചിട്ടില്ല. വിറ്റുവരവ് കണക്കാക്കാൻ ബുദ്ധിമുട്ടുള്ള സംഗതിയിൽ സ്ഥാപനത്തിന്റെ സ്ഥിരനിക്ഷേപത്തിന്റെ അഞ്ച് ശതമാനം ഒരു ദിവസത്തെ വിറ്റു വരവായി കണക്കാക്കാൻ നിയമം അനുശാസിക്കുന്നു. എന്നാൽ അപ്രകാരമുള്ള നടപടിയും സ്വീകരിച്ചു കാണുന്നില്ല.ഡി & ഒ ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 അവശ്യ രേഖകളില്ലാതെ ലൈസൻസ് പുതുക്കി നൽകുന്നു

കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിൽ ഡി & ഒ ലൈസൻസ് അനുവദിക്കുന്ന അവസരങ്ങളിൽ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്,സെക്ഷൻ 233 പ്രകാരം വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ടതായ നിരാക്ഷേപ സാക്ഷ്യപത്രങ്ങളും അനുമതി പത്രങ്ങളും അപേക്ഷയോടൊപ്പം സമർപ്പിക്കാതെയും അവ പരിഗണിക്കാതെയും ലൈസൻസ് അനുവദിക്കുന്നതായി കാണുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | സ്ഥാപനം | അപേക്ഷയോടൊപ്പം സമർപ്പിക്കാത്ത / പരിഗണിക്കാത്ത രേഖകൾ |
|---|---|---|---|
| 1 | 10/423,423A | സ്റ്റാർ ഗ്രാനൈറ്റ്സ് ക്രഷർ | 1) ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതി<br>2) അഗ്നിശമന സേനാ ക്ലിയറൻസ്<br>3) ഫാക്ടറീസ് & ബോയിലേഴ്സ് ലൈസൻസ് |
| 2 | 4/418,419,419A | റൂബി സ്റ്റോൺ ക്രഷർ ക്രഷർ യൂണിറ്റ് | 1) മൈനിംഗ് & ജിയോളജി (13/11/2017 ന് കാലാവധി അവസാനിക്കുന്നു)<br>2) അഗ്നിശമന സേനാ ക്ലിയറൻസ് |
| 3 | 14/297A | ചെമ്പ്ര റോക്ക് എം സാന്റ് പ്രോഡക്ട്സ് | 1)ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതി<br>2) അഗ്നിശമന സേനാ ക്ലിയറൻസ്<br>3) ഫാക്ടറീസ് & ബോയിലേഴ്സ് ലൈസൻസ് |
| 4 | 12/343 | കോളിക്കൽ ഗ്രാനൈറ്റ് ഇൻടസ്ട്രീസ് | 1) ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതി<br>2) അഗ്നിശമന സേനാ ക്ലിയറൻസ്<br>3) ഫാക്ടറീസ് & ബോയിലേഴ്സ് ലൈസൻസ് |

1996 ലെ കേരള പഞ്ചായത്ത് രാജ് ( ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം വിവിധ വകുപ്പുകളിൽ നിന്നും അനുമതികൾ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചത് ചട്ടപ്രകാരമല്ല. ചട്ടപ്രകാരമാണ് ലൈസൻസ് അനുവദിക്കുന്നത് എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/17-18 തീയതി-19.11.18) മറുപടി ലഭ്യമായിട്ടില്ല. ഖണ്ഡികക്ക് വിശദമായ മറുപടി ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>വേണാടി അംഗൻവാടി ചുറ്റമതിൽ നിർമ്മാണം- എസ്റ്റിമേറ്റിൽ കിളച്ചെടുത്ത മണ്ണ് കുറവ് വരുത്തിയിട്ടും, എം ബുക്കിൽ കുറവ് വരുത്താതെ തുക നൽകി.</u>

പ്രൊജക്ട്- വേണാടി അംഗൻവാടി ചുറ്റമതിൽ

പ്രൊജക്ട് നമ്പർ- 229/17-18

നിർവ്വഹണം- അസിസ്റ്റന്റ് എൻജിനിയർ

അടങ്കൽ- 3,00,000രൂപ (സംരക്ഷണ ഗ്രാന്റ്- നോൺ റോഡ്)

ചെലവ്- 299673രൂപ ( (i) bill no. 58/17-18 dtd 7.2.2018

എം ബുക്ക്- 459/16-17

കരാറുകാരൻ- റഷീദ് പി (കരാർ നം.6/17 -18 തി. 8.12.2017) (എസ്റ്റിമേറ്റ് നിരക്ക്)

വേണാടി അംഗൻവാടി ചുറ്റമതിൽ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ മൂന്നാമത്തെ ഇനം മണ്ണ് ഫില്ലിംഗ് ആണ്. ഇതിൽ 1ാമത്തെ ഇനമായി മണ്ണ് കിളച്ചെടുത്തത് കുറവ് വരുത്തിയിട്ടുണ്ട്. എന്നാൽ എം ബുക്ക് പ്രകാരം താഴെ കാണുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

| ഇനം നം | ചെയ്ത പ്രവൃത്തി | അളവ് | നിരക്ക് | തുക | എം ബുക്ക് പേജ് നം |
|---|---|---|---|---|---|
| 1 | മണ്ണ് കിളച്ചെടുക്കൽ | 17.32 ഘ.മീ | 236.55 | 4097.05 | 1,11 |
| 3 | മണ്ണ് ഫില്ലിംഗ് | 11.83 ഘ മീ | 440.78/m3 | 5214.43 | 5,12 |

ഇനം 1 ആയി മണ്ണ് കിളച്ചെടുത്ത പ്രവൃത്തിക്ക് 17.32 ഘ.മീറ്ററിന് 4097.05 രൂപ നൽകിയിട്ടുണ്ട്. ഇനം 3 ആയി മണ്ണ് ഫില്ലിംഗ് നടത്തിയതിന് 11.83 ഘ മീറ്ററിന് 5214.43 രൂപ നൽകിയിട്ടുണ്ട്. കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിൽ കുറവ് ചെയ്യാൻ അടങ്കലിൽ ഉദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്യുകയോ കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിന് യോഗ്യമല്ല എന്ന് എൻജിനിയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കിളച്ചെടുത്ത മണ്ണ് ഉപയോഗിക്കാമായിരുന്നിട്ടും അത് ചെയ്യാതെ മണ്ണ് ഫില്ലിംഗിനായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

11.83 ഘ മീറ്ററിന് 440.78 രൂപ നിരക്കിൽ അനുവദിച്ച തുക 5214.43 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

II) കരിങ്കൽ കെട്ട് ബേസ് ചെയ്തതിനേക്കാൾ വ്യത്യാസത്തിൽ സൂപ്പർ സ്ട്രക്ചർ ചെയ്തു. തുക അധികം നൽകി.
കരിങ്കൽ കെട്ട് ബേസ് ചെയ്തതിനേക്കാൾ വ്യത്യാസത്തിൽ സൂപ്പർ സ്ട്രക്ചർ ചെയ്തു.വിശദാംശം ചുവടെ :-

| ചെയ്ത പ്രവൃത്തി | ഇനം നം | അളവ് | | | ആകെ | ചെയ്ത പ്രവൃത്തി | അളവ് | | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| DR Base | 2 | 12.70 | 0.80 | 0.30 | 3.05 | S S | 12.70 | (0.60+1.1)/2 | 0.70 | 7.56 |
| | | 8.50 | 1.20 | 0.30 | 3.06 | | 8.50 | (0.60+0.80)/2 | 1.40 | 8.33 |
| | | 31.50 | 1.2 | 0.30 | 11.21 | | 7.65 | (0.60+1.0)/2 | 1.3 | 7.96 |
| | | | | | | | 15.50 | (0.60+1.0)/2 | 1.2 | 14.88 |
| | | | | | | | 8.00 | (0.60+1.0)/2 | 1.2 | 7.68 |
| | | | | | | | 3.40 | (0.25+0.5)/2 | 0.5 | 0.64 |
| | Total | 52.70 | | | 17.32 | | 55.5 | | | 47.05 |

ചെയ്യേണ്ട പ്രവൃത്തി

| ഇനം നം | ചെയ്ത അളവ് | | | ആകെ | ചെയ്ത പ്രവൃത്തി | ചെയ്യേണ്ട അളവ് | | | ആകെ |
|---|---|---|---|---|---|---|---|---|---|
| 2 | 12.70 | (0.60+1.1)/2 | 0.70 | 7.56 | S S | 12.70 | 0.60 | 0.70 | 5.33 |
| | 8.50 | (0.60+0.80)/2 | 1.40 | 8.33 | | 8.50 | (0.60+1.0)/2 | 1.40 | 9.52 |
| | | Total | | 15.89 | | | | | 14.85 |
| | | അധികം ചെയ്തത്- (15.89- 14.85 = 1.04) | | | | | | | |

ഇവിടെ 12.70 മീ നീളത്തിൽ Base 0.80 സെ മീ വീതിയിൽ ചെയ്തതിൽ SS ചെയ്തത് (0.60+1.1)/2 വീതിയിൽ ആണ്. അതുപോലെ 8.50 മീ നീളത്തിൽ Base 1.20 സെ മീ വീതിയിൽ ചെയ്തതിൽ SS ചെയ്തത് (0.60+0.80) /2 വീതിയിൽ ആണ്. (എം ബുക്ക്- പേജ് നം. 11,12)

Base ചെയ്തതിനനുസരിച്ചല്ലാതെ സൂപ്പർ സ്ട്രക്ചർ ചെയ്തതത് മൂലം 1.04 ഘന മീറ്റർ കരിങ്കൽ കെട്ട് പ്രവൃത്തി അധികം ചെയ്തതായി തെറ്റായി രേഖപ്പെടുത്തിയതു മൂലം 2837.64 രൂപ തുക നൽകിയിട്ടുണ്ട്. (1.04x 2728.5 = 2837.64) ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ആകെ 8052 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 കക്കുഴി ദ്വീപ് റോഡ് പാർശ്വഭിത്തി- പൊട്ടിച്ച പാറ ഉപയോഗിക്കാതെ കരിങ്കൽ ഭിത്തി പണിതു.

പ്രൊജക്ട്- കക്കുഴി ദ്വീപ് റോഡ് പാർശ്വഭിത്തി

പ്രൊജക്ട് നമ്പർ- 98/18

നിർവ്വഹണം- അസിസ്റ്റന്റ് എൻജിനിയർ

അടങ്കൽ- 2,00,000രൂപ (ധനകാര്യ കമ്മീഷൻ)

ചെലവ്- 2,00,000രൂപ ( (i) bill no. 65/17-18 dtd 21.2.2018

എം ബുക്ക്- 56/17-18

കരാറുകാരൻ- അബ്ദുൽ സലീം എം മൂലയിൽ . (കരാർ നം.2/18 തി. 8.12.2017) (എസ്റ്റിമേറ്റ് നിരക്ക്)

കക്കുഴി ദ്വീപ് റോഡിന് പാർശ്വഭിത്തി നിർമ്മാണമാണ് പ്രൊജക്ട് പ്രകാരം നടത്താനുള്ളത്. താഴെ പറയുന്ന പ്രവൃത്തികൾ എം ബുക്ക് പ്രകാരം ചെയ്തിട്ടുണ്ട്.

| ഇനം നം | ചെയ്ത പ്രവൃത്തി | അളവ് | തുക |
|---|---|---|---|
| 2 | Excavation in hard rocks (blasting prohibited) | 4x4.20x0.70= 11.76 - ltd to 10.72 @1331.80 | 14276.87 |
| 3 | D R masonr- base<br>do S S<br>Total | 12.42 m3<br>41.74<br>54.16@2842.40 | 153944.38 |

ഇതിൽ 54.16 ഘ മീ കരിങ്കൽ കൊണ്ട് കെട്ടിയിട്ടുണ്ട്. എന്നാൽ കരിങ്കൽ പൊട്ടിച്ച് ഒഴിവാക്കിയത് 10.72 ഘ. മീ. ആണ്. ഇത് ഉപയോഗിക്കാമായിട്ടും പ്രവൃത്തിക്ക് ഉപയോഗിക്കുകയുണ്ടായില്ല. പൊട്ടിച്ച കരിങ്കൽ ഉപയോഗിക്കാൻ പറ്റാത്തതിന്റെ കാരണം എം ബുക്കിൽ വ്യക്തമാക്കിയിട്ടില്ല. പൊട്ടിച്ച കരിങ്കൽ ഉപയോഗിക്കാത്തതിന്റെ കാരണം വ്യകതമാക്കേണ്ടതാണ്.

എസ്റ്റിമേറ്റിലും എം ബുക്കിലും വ്യക്തമായി പറഞ്ഞത് ഉറപ്പുള്ള പാറ പൊട്ടിച്ച എന്നാണ്. ഇത് പൊട്ടിക്കാൻ ചെലവഴിക്കേണ്ട നിരക്കമാണ് എസ്റ്റിമേറ്റിൽ അനുവദിച്ചിട്ടുള്ളത്.

11.76 എം.3 പാറ പൊട്ടിച്ചാൽ 12.35 എം.3 (1.05 മടങ്ങ് കരിങ്കല്ല് ഉണ്ടാവുമെന്നതിനാൽ 12.35 ഘ.മീ. കരിങ്കല്ലിന്റെ വില = 12.35 x 1089.89 = 13460 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. തുക അടവാക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

## 3-3 പെരിങ്ങോട്ട് ചിങ്ങനാം പൊയിൽ റോഡ്- കരാർ വെയ്ക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല.

പ്രൊജക്ട്- പെരിങ്ങോട്ട് ചിങ്ങനാം പൊയിൽ റോഡ്

പ്രൊജക്ട് നമ്പർ- 77/17-18

നിർവ്വഹണം- അസിസ്റ്റന്റ് എൻജിനിയർ

അടങ്കൽ- 2,00,000രൂപ (സംരക്ഷണ ഗ്രാന്റ്- റോഡ്)

ചെലവ്- 175254രൂപ ( (i) bill no. 17/17-18 dtd 30.6.2017

എം ബുക്ക്- 511/16-17

കരാറുകാരൻ- അബ്ദുൽ സത്താർ പി എം (കരാർ നം.15/16-17 തി. 27.1.2017 )

പെരിങ്ങോട്ട് ചിങ്ങനാം പൊയിൽ റോഡിന് ടെൻഡർ ക്ഷണിച്ചത് 22.12.2016 നാണ്. 4.1.2017 ന് 11.1.2017 ന് മുമ്പായി കരാർ വെയ്ക്കണമെന്ന് നോട്ടീസ് നൽകുകയും ടി തിയ്യതിയിൽ നോട്ടീസ് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാർ ചമച്ചത് 27.1.2017 നാണ്. കേരള പൊതുമരാമത്ത് മാന്വൽ- ജി ഒ (പി ) 13/2012/PWD/01.02.2012 സെക്ഷൻ 2009. 6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 10

ദിവസത്തിനകം കരാർ വെച്ചിട്ടില്ലെങ്കിൽ പി. എ. സി. യുടെ 1% പിഴ ഈടാക്കി കരാറുടമ്പടി വെയ്ക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയോ കരാർ റദ്ദാക്കുകയോ ചെയ്യാതെയാണ് കരാർ വെച്ചിട്ടുള്ളത്.

നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ (200000x1/100= 2000 രൂപ) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതാണ്.

## 3-4 തെരുവ് വിളക്ക് സ്ഥാപിക്കൽ- നടപ്പാക്കിയതിലെ അപാകതകൾ

പ്രൊജക്ട്- തെരുവ് വിളക്ക് സ്ഥാപിക്കൽ

പ്രൊജക്ട് നമ്പർ- 117 /17-18

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ- 200000രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 198227രൂപ ( bill no. 35/17-18 dtd 27.2.2018 )

തെരുവ് വിളക്കുകൾ സ്ഥാപിക്കാനാണ് പ്രൊജക്ട് തയ്യാറാക്കിയത്. ഇതിനായി, 100 ട്യൂബ് 250 രൂപ നിരക്കിലും, എൽ ഇ ഡി വിളക്കുകൾ 100 എണ്ണം 1750 രൂപ നിരക്കിലും സ്ഥാപിക്കാൻ പ്രൊജക്ടിൽ രേഖപ്പെടുത്തി. ടെൻഡറിൽ NAT Associates എന്ന സ്ഥാപനത്തിനാണ് ടെൻഡർ ലഭിച്ചത്. ഇവരിൽ നിന്ന് 84 എൽ ഇ ഡി വിളക്കുകൾ 2107 രൂപ നിരക്കിൽ വാങ്ങി.13.12. 2017 മുതൽ 3 വർഷ കാലാവധിയിലാണ് വിളക്കുകൾ വാങ്ങിയത്.

പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

1) ഓരോ വാർഡിലും ഇത്ര എണ്ണം എൽ ഇ ഡി വിളക്കുകൾ സ്ഥാപിച്ചു എന്ന് മെമ്പർമാർ നൽകിയ കത്ത് മാത്രമേ ഫയലിൽ ഉള്ളു. വാർഡിൽ ഏതൊക്കെ സ്ഥലത്ത് ഏതെല്ലാം പോസ്റ്റിലാണ് സ്ഥാപിച്ചതെന്ന് വ്യക്തമാക്കിയ രേഖ ഫയലിൽ ലഭ്യമല്ല.

2) തെരുവ് വിളക്കിനായി ഒരു രജിസ്റ്റർ തയ്യാറാക്കുകയോ അതിൽ വിളക്കുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. രജിസ്റ്ററിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം പരിശോധിച്ച് റിപ്പയർ/മെയിന്റനൻസ് ചെയ്യാറുള്ളതിന്റെ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

3) മൂന്ന് വർഷ വാറന്റി ഉള്ളതിനാൽ മേൽ ടെണ്ടർ പ്രകാരം വാങ്ങിയ 84 എൽ ഇ ഡി വിളക്കുകൾ എവിടെയൊക്കെ സ്ഥാപിച്ചു എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ റിപ്പയർ ചെയ്യുമ്പോൾ വാറണ്ടി സൗകര്യം ഉപയോഗപ്പെടുത്തുവാൻ കഴിയാതെ വരുന്നു.

തെരുവ് വിളക്കിന് പ്രത്യേകമായി രജിസ്റ്റർ സൂക്ഷിക്കേണ്ടതും രജിസ്റ്ററിൽ ഓരോ തെരുവ് വിളക്കും ഇനം തിരിച്ച് (എൽ ഇ ഡി , ട്യൂബ് മുതലായവ) രേഖപ്പെടുത്തേണ്ടതും, വാറന്റി, നിലവിൽ എത്ര എണ്ണം പ്രവർത്തിക്കുണ്ടെന്നുമടങ്ങിയ എല്ലാ വിവരങ്ങളും രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്ന തരത്തിൽ തയ്യാറാക്കേണ്ടതുമാണ്. കൂടാതെ റിപ്പയർ സമയബന്ധിതമായി ചെയ്യിക്കേണ്ടതും ഈ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

വാറന്റി കാലയളവുള്ള വിളക്കുകൾ തിരിച്ചറിയാൻ കഴിയാത്തതിനാൽ വാറന്റി കാലാവധിക്കുള്ളിൽ തന്നെ അതേ വിളക്കിനായി തുക ചെലവഴിക്കാൻ സാധ്യതയുണ്ട്. അതിനാൽ ചെലവഴിച്ച തുക 198227രൂപ തടസ്സത്തിൽ വെക്കുന്നു. രജിസ്റ്റർ മുഴുവനായി തയ്യാറാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-5 കമ്പ്യൂട്ടറൈസേഷൻ - കമ്പ്യൂട്ടർ വാങ്ങിയതിലെ അപാകതകൾ

പ്രൊജക്ട്- കമ്പ്യൂട്ടറൈസേഷൻ

പ്രൊജക്ട് നമ്പർ- 122/17-18

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ- 94,194രൂപ (വികസന ഫണ്ട്)

ചെലവ്- 48670രൂപ ( bill no. 14/17-18 dtd 7.9.2017 )

വി ഇ ഒ ഓഫീസിലേക്ക് ഒരു കമ്പ്യൂട്ടർ, ഒരു മേശ, ഗ്രാമപഞ്ചായത്തിലേക്ക് ഒരു കമ്പ്യൂട്ടർ എന്നിവ വാങ്ങാനാണ് പ്രൊജക്ട് വെച്ചത്. ഇതിലേക്കായി 2016-2017 വർഷത്തിൽ ടെൻഡർ ക്ഷണിച്ചു. വിജോഷ് കെ ജോസ് 5th വെഞ്ചർ എന്ന സ്ഥാപനത്തിന് ടെൻഡർ ലഭിച്ചു. സ്ഥാപനത്തിൽ എത്തിച്ച കമ്പ്യൂട്ടർ 29.3.2017 ന് ഐ കെ എം ടെക്നിക്കൽ അസിസ്റ്റന്റ് പരിശോധിച്ചതിൽ ഐ കെ എം സ്പെസിഫിക്കേഷൻ

അനുസരിച്ചല്ല എന്നതിന്റെ അടിസ്ഥാനത്തിൽ തിരിച്ചയക്കുകയുണ്ടായി. 22.8.2017 ന് ഇതേ ടെക്നിക്കൽ അസിസ്റ്റന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു കമ്പ്യൂട്ടർ സ്ഥാപനത്തിന് നൽകുകയുണ്ടായി.

അപാകതകൾ

1) ടെൻഡർ ഷെഡ്യൂളിൽ 3 വർഷ വാറന്റി എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ വ്യവസ്ഥ വെച്ച് കരാർ ചമച്ചിട്ടില്ല.

2) കമ്പ്യൂട്ടർ ഹാർഡ് വെയർ രജിസ്റ്ററിൽ ചേർത്ത് അതിന്റെ വാറന്റി മുതലായവ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

കരാർ വെച്ച് തുടർ സേവനം ഉറപ്പ് വരുത്താതെ തുക മുഴുവൻ നൽകിയത് ശരിയായ നടപടിയല്ല. ചെലവഴിച്ച തുക48670 രൂപ തടസ്സത്തിൽ വെക്കുന്നു.

പ്രസ്തുത സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതും തുടർ സേവനം ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ എല്ലാ കമ്പ്യൂട്ടറുകളും ഹാർഡ് വെയറുകളും രജിസ്റ്ററിൽ ചേർത്ത് അവയുടെ വാറന്റി, റിപ്പയർ വിവരം മുതലായ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. രജിസ്റ്റർ തയ്യാറാക്കിയും,കരാർ ചമച്ചും പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-6 ശമ്പളപരിഷ്കരണകുടിശ്ശികക്കനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോണ്ടട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും ശമ്പള വർദ്ധനവിന് ആനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനുള്ള കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കി വിവരമറിയിക്കേണ്ടതാണ്

## 3-7 വാഹന ഉപയോഗം -മാർഗ്ഗരേഖാ വ്യവസ്ഥകൾ പാലിക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ചുമതലയാണ്. പഞ്ചായത്ത് വക KL 57/E 9000 നമ്പറിലുള്ള ബൊലേറോ

വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ഓഡിററിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി.

1. ജി.ഒ.(എം.എസ്)170/07/ത.സ്വ.ഭ.വ/30.6.2007 പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന ആറു മാസത്തിലൊരിക്കൽ സർക്കാരിന്റെ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധനക്ഷമതാ സർട്ടിഫിക്കററ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്തിൽ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.
2. വാഹനത്തിന്റെ ലോഗ്ബുക്ക് കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധിച്ച വിവരം ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2017-18 വർഷത്തിൽ സെക്രട്ടറി ലോഗ്ബുക്ക് പരിശോധിച്ചതായി

സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വാഹന ഉപയോഗം,നിയന്ത്രണം എന്നിവയ്ക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 കാർഷികകർമ്മസേന-ഉപകരണങ്ങൾ നൽകൽ-നിബന്ധനകൾ പാലിച്ചിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ : കൃഷിഓഫിസർ

പ്രോജക്റ്റ് നമ്പർ : 105/18

ചെലവ് : 106200, Bill No. 11/2017-18

മേൽ പറഞ്ഞ തുക ചെലവഴിച്ച് chain saw,Bush cutter,Ladder 20 feet,ladder 30feet എന്നിവ വാങ്ങി.ബുഷ് കട്ടർ മൂന്ന് എണ്ണവും ബാക്കിയെല്ലാം ഓരോന്നു വിതവുമാണ് വാങ്ങിയത്. എന്നാൽ പദ്ധതിരേഖകൾ പരിശോധിച്ചതിൽ താഴപറയുന്ന അപാകതകൾ കണ്ടു. പതിമൂന്നാം പഞ്ചവൽസര പദ്ധതി (ആദ്യവർഷ) മാർഗരേഖ ജി.ഒ. (എം.എസ്)72/2017 ത.സ്വ.ഭ.വ. 29.03.2017 പ്രകാരം പദ്ധതി നടത്തിപ്പിന് താഴപറയുന്ന നിബന്ധനകൾ ഉണ്ട്.

1)ഗ്രാമപഞ്ചായത്ത് തലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതുസംവിധാനങ്ങളിൽ നിലവില്ലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട് കൃഷിഓഫിസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങേണ്ടത്. എന്നാൽ അത്തരത്തിൽ ഒരു നടപടിക്രമം പാലിച്ചിട്ടില്ല.

2)യന്ത്രങ്ങൾ ശരിയായി ശരിയായിസംരക്ഷിക്കുന്നുവെന്നും,പൊതുകാർഷികാവശ്യത്തിനു മാത്രമെ ഉപയോഗിക്കു മെന്നു,സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനെക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടകനിരക്കിൽ കർഷകർക്ക് ലഭ്യമാക്കാമെന്ന് കരാർ വ്യവസ്ഥ വെക്കേണ്ടിയിരുന്നുവെങ്കിലും അത്തരത്തിൽ ഒരു കരാർ ലഭ്യമാക്കിയിട്ടില്ല.

3)യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷിഓഫിസറുടെ പേരില്ല കൈവശാധികാരം സമിതിക്കുമായിരിക്കണം എന്നാൽ ആയതിന്റെ തെളിവുരേഖകൾ ഹാജരാക്കിയിട്ടില്ല.

4)ഗ്രാമപഞ്ചായത്തിന്റെയു കൃഷിഓഫിസറുടെയു രേഖാമുലമുള്ള അറിയിപ്പില്ലാതെ കൈവശത്തില്ലുള്ള ഒരു യന്ത്രങ്ങളും മറ്റാർക്കെങ്കിലും കൈമാറി നല്കാൻ പാടില്ല എന്ന നിബന്ധന പാലിച്ചോ എന്ന് വ്യക്തമല്ല.

5) യന്ത്രോപകരണങ്ങളുടെ സ്റ്റോക്ക്റജിസ്റ്റർ, ലോഗ്ബുക്ക്, മെയിന്റനൻസ് റജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

6)കൃഷിഓഫിസർ നടത്തിയ പിരിയോഡിക്ക് പരിശോധനരേഖ ഹാജരാക്കിയിട്ടില്ല.

7)കാർഷികകർമ്മസേനയ്ക്ക് വാങ്ങാൻ ഉദ്ദേശിക്കുന്ന യന്ത്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി വികസനസ്റ്റാൻറിങ്ങ് കമ്മിറ്റി അംഗികരിച്ച് പർച്ചെസ് കമ്മിറ്റി വഴിയാണ് വാങ്ങി നൽകേണ്ടത്. മേൽ നിബന്ധന പാലിച്ചതിൻെറ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദികരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/17-18 തീയതി-19.11.18) മറുപടി ലഭ്യമായിട്ടില്ല. മേൽ പരാമർശങ്ങൾക്കുള്ള മറുപടി ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-9 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം പദ്ധതിനടത്തിപ്പിൽ അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ - ഹെഡ് മിസ്ട്രസ്

പ്രോജക്റ്റ് നമ്പർ - 217/18

ചെലവ് - Sanction Order No.255/22.03.2018 ,299500

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം തൻവർഷം പട്ടികജാതിയിൽപ്പെട്ട 10 വിദ്യാർത്ഥികൾക്ക് ടെണ്ടർ പ്രകാരം Bizare Power Solutions എന്ന സ്ഥാപനത്തിൽ നിന്ന് 10 ലാപ് ടോപ് വാങ്ങി വിതരണം ചെയ്തു. പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ ജി. ഒ. (എം.എസ്) നം. 80/2017 ത.സ്വ.ഭ.വ. 03.04.2017 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ളോമ, ബിരുദം, ബിരുദാനന്തര ബിരുദം), എന്നി കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയസ്ഥാപനങ്ങളിലോ, സർവകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30000 രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ് ടോപ്/ കംമ്പ്യൂട്ടറുകൾ വാങ്ങി നൽകാവുന്നതാണ്. എന്നാൽ പദ്ധതിനടത്തിപ്പ് പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ തഴെ പറയുന്ന അപാകതകൾ കണ്ടു.

1. ആനുകൂല്യം കൈപ്പറ്റി ചില വിദ്യാർത്ഥികൾ സർവകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവരല്ല.
2. ഉത്തരവിൽ പരാമർശിച്ച കോഴ്സുകളിലെ വിദ്യാർത്ഥികളല്ലാത്തവർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.
3. ഇതേ ആനുകൂല്യം വകുപ്പിൽ നിന്നു കൈപ്പറ്റിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപത്രം ഇല്ല.
4. സ്യകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ യുണിവേഴിസിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദികരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം മറുപടി ഹാജരാക്കേണ്ടതാണ്.

## 3-10 സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ സൈക്കൾ വിതരണം നടത്തി

പുതുക്കിയ 13ാം പദ്ധതി മാർഗരേഖ പ്രകാരം 8,9,10 ക്ളാസ്സുകളിലെ എസ്.സി വിദ്ധ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുമ്പോഴും സൈക്കിൾ വാങ്ങി നൽകുന്നതും സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്ററ് പ്രകാരമായിരിക്കണം. കൂടാതെ പട്ടിക ജാതി വകുപ്പിൽ നിന്ന് ഇതേ ആനുകൂല്യം നൽകിയിട്ടില്ലെന്ന് വകുപ്പ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി നൽകുകയും വേണം. എന്നാൽ കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിൽ 60 എസ്.സി. വിദ്ധ്യാർത്ഥികൾക്ക് സൈക്കൾ വിതരണം നടത്തിയപ്പോഴും ഫർണിച്ചർ വിതരണം നടത്തിയപ്പോഴും സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റോ പട്ടികജാതി വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രമോ ലഭ്യമാക്കാതെയാണ് പദ്ധതി നിർവഹണം നടത്തിയിരിക്കുന്നത്.

| | |
|---|---|
| 1)പ്രോജക്റ്റ് നം.215 (എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ) | 2)പ്രോജക്റ്റ് നം. 247 (എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ) |
| നിർവഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ് | നിർവഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ് |
| അടങ്കൽ തുക - 300000/- | അടങ്കൽ തുക - 300000/- |
| ബിൽ നം. 13/17-18 തീയതി- 27/03/2018 | ബിൽ നം. /17-18 തീയതി- 27/03/2018 |
| ചെലവ്- 294624/- | ചെലവ്- 223870/- |

മേൽപറഞ്ഞ അപാകതയ്ക്ക് വിശദികരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/17-18 തീയതി-19.11.18) മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-11 ഔദ്യോഗിക ജോലിയുടെ ഭാഗമായുള്ള ചെലവുകൾക്ക് പ്രൊജക്ടിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നു

പ്രൊജക്ട് : സമഗ്ര ആരോഗ്യ പദ്ധതി

പ്രൊജക്ട് നമ്പർ : S0047/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(പി എച്ച് സി)

ബിൽ നമ്പർ,തീയതി : 9/17-18 , 19.01.2018

ബിൽ തുക : 52,300/-

പകർച്ചവ്യാധി നിയന്ത്രണ പരിപാടിയുടെ ഭാഗമായി ഡി&ഒ ലൈസൻസ് പരിശോധിക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. നാസർ നടത്തിയ യാത്രകൾക്ക് കെ.എൽ-10-എഫ് 3859 നമ്പർ വാഹനത്തിന്റെ വാടകയായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | യാത്രാ തിയ്യതി | സ്ഥലം | |
|---|---|---|---|
| 1 | 05-04-2017 | വെട്ടിഒഴിഞ്ഞത്തോട്ടം,കോളിക്കൽ | 500 |
| 2 | 08-05-2017 | ചമൽ,ചുന്നൻകുഴി | 500 |
| 3 | 27-06-2017 | ചമൽ, അമ്പായത്തോട് | 600 |
| 4 | 26-08-2017 | വെട്ടിഒഴിഞ്ഞത്തോട്ടം, കയ്യാടിയൻപാറ, ചമൽ, പൂലോട് | 700 |
| | | ആകെ | 2,300 |

തന്റെ നിത്യേനയുള്ള ജോലിയുടെ ഭാഗമായി ഹെഡ് കോർട്ടേഴ്സിനുള്ളിലെ ഫീൽഡിൽ സഞ്ചരിക്കേണ്ടി വരുന്ന ജീവനക്കാർക്ക് ആയത് വഹിക്കുന്നതിനായി സർക്കാർ പെർമനെന്റ് കൺവെയൻസ് അലവൻസ് അനുവദിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെടുന്ന ഹെൽത്ത് ഇൻസ്പെക്ടർ, തന്റെ ദൈനംദിന ജോലിയുടെ ഭാഗമായി നടത്തിയ ഹെഡ്കോർട്ടേസിനുള്ളിലെ യാത്രകൾക്ക് വാഹന വാടക നൽകാൻ പാടില്ലെന്നിരിക്കെ ഇതിനായി പ്രൊജക്ടിൽ നിന്നും തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവഴിച്ച 2,300 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-12 ആയുർവേദ ഡിസ്പെൻസറിയിലെ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നം. 17/18 (ആയുർവേദ ഡിസ്പൻസറിയിലെക്ക് മരുന്ന് വാങ്ങൽ)

പ്രൊജക്റ്റ് തുക – 700000/-

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പദ്ധതിയ്ക്ക് വകയിരുത്തിയ 700000/- രൂപയിൽ 5292/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാക്കുവാനുണ്ട്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ഇതിനായി ഔഷധിയിലേക്ക് വാങ്ങുന്നതിന് 25/10/2017 ന് മെഡിക്കൽ ഓഫീസർ കത്ത് നൽകിയെങ്കിലും മേൽ തുകയ്ക്കുമുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-13 വെറ്റിനറിസർജൻ നടപ്പിലാക്കിയ പദ്ധതികളിൽ അപാകതകൾ

വെറ്റിനറി സർജൻ തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു. വിശദവിവരങ്ങൾ താഴെ പറയുന്ന

| ക്രമനമ്പർ | പ്രോജക്ട്നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് | വിശദവിവരങ്ങൾ |
|---|---|---|---|---|
| 1 | S0018/18 | കന്നുക്കുട്ടി പരിപാലനപദ്ധതി | 187500 Plan | ഭൗതികനേട്ടം വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| 2 | S0007/18 | പെണ്ണാട് വിതരണം (SC) വനിത | 187500 plan<br>62500 Beneficiary contribution | 25 ഗുണഭോക്താക്കൾക്ക് 2 വിതം ആട്ടുകളെ നൽകി<br>ഗുണഭോക്താക്കളുമായി ഉടമ്പടി ചമച്ചിട്ടില്ല.<br>പർചേസ് കമ്മിറ്റി റിപ്പോർട്ട്, മോണിറ്ററിങ്ങ് കമ്മിറ്റി<br>റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 3 | S0022/18 | പോത്തുക്കുട്ടിവിതരണം( SC) | 232500 plan<br>77500 Beneficiary contribution | 31ഗുണഭോക്താക്കൾക്ക് 1വിതം പോത്തുകുട്ടികളെ നൽകി<br>ഗുണഭോക്താക്കളുമായി ഉടമ്പടി ചമച്ചിട്ടില്ല.<br>പർചെസ് കമ്മിറ്റി റിപ്പോർട്ട്,മോണിറ്ററിങ്ങ് കമ്മിറ്റി<br>റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 4 | S0030/18 | പോത്തുകുട്ടിവിതരണം (S.T) | 22500 plan<br>7500 Beneficiary Contribution | 3ഗുണഭോക്താക്കൾക്ക് 1വിതം പോത്തുകുട്ടികളെ നൽകി<br>ഗുണഭോക്താക്കളുമായി ഉടമ്പടി ചമച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | പർചേസ് കമ്മിറ്റി റിപ്പോർട്ട്, മോണിറ്ററിങ്ങ് കമ്മിറ്റി<br>റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 4 | S0021/18 | പോത്തുകുട്ടിവിതരണം ജനറൽ | 155000 plan<br>155000 Beneficiary Contribution | 31 ഗുണഭോക്താക്കൾക്ക് 31പോത്തുകുട്ടികളെ നൽകി<br>ഗുണഭോക്താക്കളുമായി ഉടമ്പടി ചമച്ചിട്ടില്ല.<br>പർചേസ് കമ്മിറ്റി റിപ്പോർട്ട്, മോണിറ്ററിങ്ങ് കമ്മിറ്റി<br>റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല |

മേൽപറഞ്ഞ അപാകതകൾക്ക് വിശദികരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/17-18 തീയതി-19.11.18) മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 3-14 ഐ.എ.വൈ ഭവന പദ്ധതിക്ക് വിഹിതം നല്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ടിന്റെപേര് : ഐ.എ.വൈ 15-16 വർഷത്തെ എസ് സി ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് അധികവിഹിതം നല്കൽ

പ്രോജക്ട് നം : S0102/18
നിർവ്വഹണം : വി.ഇ.ഒ

അടങ്കൽ : 2,25,000/-(വികസന ഫണ്ട്-എസ്.സി.പി)

ചെലവ് : 2,25,000/-

ബിൽ നം : 1/17-18 തീയ്യതി-24.07.2017 തുക : 2,25,000/-

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന ഐ.എ.വൈ ഭവന പദ്ധതിക്ക് കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം വികസന ഫണ്ടിൽ 2,25,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

2,25,000 രൂപ വകയിരുത്തിയതിൽ മുഴുവൻ തുകയും തൻവർഷം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ബിൽ നം. 1/2017-18തീയ്യതി 24.07.17 പ്രകാരം തുക പിൻവലിച്ച് 27.07.17 ന് ആർ.ടി.ജി.എസ് മുഖേന കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ കൊടുവള്ളി ശാഖയിലുള്ള അക്കൗണ്ട് നം. 10610116145 ലേക്കാണ് ട്രാൻസ്ഫർ ചെയ്തത്. ഐ.എ.വൈ 2015-16 വർഷത്തെ എസ് സി ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് അധികവിഹിതം പദ്ധതി പ്രകാരം നൽകിയ 2,25,000/- രൂപയിൽ ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17/17-18 തീയതി-19.11.18) മറുപടി ലഭ്യമായിട്ടില്ല.

## 3-15 ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ വിവിധ ഭവന പദ്ധതികളിൽ ധനസഹായം ലഭിച്ച് പണി പൂർത്തീകരിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്ക് ലൈഫ് വ്യവസ്ഥകൾ പ്രകാരം അധിക നിരക്കിൽ ധനസഹായം നൽകി വീട് വാസയോഗ്യമാക്കുന്നതിനുവേണ്ടിയുള്ള 2017-18 വർഷത്തിൽ തയ്യാറാക്കിയ പ്രോജക്റ്റുകൾ പരിശോധിച്ചതിൽ ചില ഗുണഭോക്താക്കൾ തവണകളായി തുക കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്റ്റ് നം - S0272/18

പ്രോജക്റ്റിന്റെ പേര് - ഭവനപൂർത്തീകരണം (ജനറൽ)

അടങ്കൽ - 6,60,000(വികസന ഫണ്ട്-പൊതുവിഭാഗം)

ചെലവ് - 1,20,000(വികസന ഫണ്ട്-പൊതുവിഭാഗം)

| ഗുണഭോക്താക്കൾ | അനുവദിച്ച തുക | കൈപ്പറ്റിയ ഗഡു | അവസാന ഗഡു കൈപ്പറ്റിയ തീയതി | റിമാർക്സ് |
|---|---|---|---|---|
| ബിനോ ജോർജ്, കട്ടിപ്പാറ(PO) | 370000 | 1 | 03.10.2018 | തറ തീർന്നു |
| രാജേഷ് അമ്പായത്തോട്, താമരശ്ശേരി(PO) | 370000 | 4 | 03.10.2018 | മേൽക്കൂര ചെയ്യാനുണ്ട് |
| സുരേഷ്.പി.വി, കന്നൂട്ടിപ്പാറ, ചമൽ(PO) | 330000 | 3 | 31.10.2018 | ജനൽ,വാതിൽ വയ്ക്കാനുണ്ട് |

| | | | | |
|---|---|---|---|---|
| മൂസ.എ.പി<br>പൂവൻമല,<br>ചമൽ(PO) | 310000 | 3 | 31.10.2018 | ജനൽ,വാതിൽ വയ്ക്കാനുണ്ട് |
| അനിൽ.പി.എം,<br>പൂവൻമല,<br>ചമൽ(PO) | 310000 | 3 | 03.10.2018 | ജനൽ,വാതിൽ വയ്ക്കാനുണ്ട് |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/17-18 തീയതി-19.11.18) മറുപടി ലഭ്യമായിട്ടില്ല. മുഴവൻ ഭവന നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 440000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 440000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 125000 | മുട്ടഗ്രാമം | 63750 | 61250 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 375000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ | 187500 | 187500 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 140000 | കറവപശുക്കൾക്ക് കാലിത്തീറ്റ | 56000 | 84000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന വായ്പ | 2017-18 | 0 | 1873710 | 1392150 | 0 | 481560 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2013-14 | 6.4 | തെരുവുവിളക്ക് സംരക്ഷണം | തടസ്സം തുടരുന്നു |
| | | 2013-14 | 6.4.1 | തെരുവുവിളക്ക്- സ്ഥാപിച്ചതിന് രേഖകളില്ല | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി- അപാകതകൾ | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-4 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് നടപടികളുടെ വിവരം – ഇല്ല

| ഓഡിറ്റ് വർഷം | സർചാർജ് നം | ഖണ്ഡിക നം | തുക | റിമാർക്സ് |
|---|---|---|---|---|
| 2009-10 | സർചാർജ് സർട്ടിഫിക്കറ്റ് നം.<br>കെ എസ് എ 3621/സ്പെ.സെൽ(എസ് സി)/ഡി2/16<br>തീയതി-08.12.16 | 3-2 | 40040 | 18200 രൂപ ഈടാക്കി |
| 2011-12,<br>2012-13 | സർചാർജ് നോട്ടീസ് നം.എൽ.എഫ്.4196/സ്പെ.സെൽ/എസ് സി-ഡി2/15<br>തീയതി-20.11.2015 | 3-2 | 15000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66206841 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72181850 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25812 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 246947 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8052 | അഖില ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | 13460 | അഖില ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | 2000 | അഖില ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-11 | 2300 | ഫെസിന ഹസ്സൻ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 198277 | ഖദീജ.കെ.ടി, സെക്രട്ടറി |
| 3-5 | 48670 | ഖദീജ.കെ.ടി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അഖില ഉണ്ണികൃഷ്ണൻ,<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ,<br>താമരശ്ശേരി ഗ്രാമപഞ്ചായത്ത് | സായി ശ്രേയ, 1/4227B,വെസ്റ്റ് ഹിൽ പി.ഒ,<br>കോഴിക്കോട് |
| ഫെസിന ഹസ്സൻ,<br>മെഡിക്കൽ<br>ഓഫീസർ(പി.എച്ച്.സി) | മെഡിക്കൽ<br>ഓഫീസർ(പി.എച്ച്.സി),<br>കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് | കിളിയമണ്ണിൽ,<br>കക്കോത്ത് പി.ഒ,<br>മലപ്പുറം |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഖദീജ.കെ.ടി, സെക്രട്ടറി | വിരമിച്ചു | പിലാത്തോട്ടത്തിൽ,<br>പാറന്നൂർ പി.ഒ,<br>നരിക്കുനി,കോഴിക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| 2005-06 | കെ.എസ്.എ. കെകെഡി.പി1/ 611/16 /14.06.16 | 1 | 4-4 |
| 2006-07 | കെ.എസ്.എ. കെകെഡി.പി1/ 491/15 /29.09.15 | 10 | 2-5,3-1,3-2,3-3,3-4,3-5,3-6,3-7,4-3,4-5 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1/ 1272/12 /19.09.12 | 31 | 1-3,2-1,2-4,2-6,2-7,2-9,2-10,3-2, 3-3,3-4,3-5,3-6(1),3-6(2),3-6(3), 3-9,3-11,3-12,3-13, 3-14,3-15,3-20,3-21,3-22,3-23, 3-24,3-25,3-26,3-27,4-3,4-6,4-7 |
| 2009-10 | കെഎസ്എ കെകെഡി. പി1/336/17/15.04.2017 | 13 | 1-3,3-1,3-2,3-3,3-4,3-6(1),3-6(3), 3-8,3-9,3-10,3-11,3-13,4-3 |
| 2010-11 | കെഎസ്എ കെകെഡി. പി1/2238/16/27.04.2017 | 4 | 3-2,3-5,3-8,3-10 |
| 2011-12& 2012-13 | കെഎസ്എ കെകെഡി. പി1/1904/16/04.05.2017 | 10 | 1-9,3-2,3-4,3-6,3-7,3-8, 3-9,3-11,3-12,3-16(1,2) |
| 2013-14& 2014-15 | കെഎസ്എ കെകെഡി. പി1/1905/16/18.03.2017 | 9 | 2-2,3-1,3-2,3-3,3-4,3-8, 3-10,3-11,3-13 |
| 2015-16 | കെഎസ്എ കെകെഡി. പി1/576/17/27.04.2017 | 7 | 3-2,3-3,3-4,3-6,3-7,3-8,4-9 |
| 2016-17 | കെഎസ്എ കെകെഡി. പി1/1563/17/15.02.2018 | 28 | 2-1(1),2-1(2),2-1(3),2-1(4), 2-2(5),2-3(1),2-3(3),2-4(1), 2-4(2),2-5(1 to 7),2-6,3-1,3-2,3-3,3-4,3-5,3-6, 3-7,3-9,3-10,3-11,4-9 |

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്